(ഡി) നിലവിലുള്ള എല്ലാ പദ്ധതികളും ഈ വർഷം പൂർത്തീകരിക്കാൻ കഴിയില്ല. ഈ വർഷത്തെ ബഡ്ജറ്റിന്റെ പരിധിയിൽ വരുന്ന പരമാവധി പദ്ധതികളും പൂർത്തീകരിക്കാൻ ശ്രമിക്കുന്നുണ്ട്.

(ഇ) പൂർത്തീകരിക്കേണ്ട പദ്ധതികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു. * പ്രഖ്യാപിത പദ്ധതികളിൽ ഇതേവരെ പ്രവർത്തനം ആരംഭിക്കാത്തവ ടൂറിസം വകുപ്പിൽ ഇല്ല.

പരമ്പരാഗത കയർപിരി തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ നടപടി

* 20 [308] ശ്രീ. കോവൂർ കുഞ്ഞുമോൻ:
,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർപിരി തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്.

(ബി) കയർ മേഖലയുടെ വികസനത്തിനും അതുവഴി കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുവാനും വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. തൊഴിലാളികൾക്ക് കയർ പിരിക്കുന്നതിന് ചർക്കയുടെ ക്ഷാമം അനുഭവപ്പെട്ടതിനെത്തുടർന്ന് കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽനിന്നും യഥാക്രമം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ വഴി ചർക്കയും വാങ്ങി സംസ്ഥാനത്ത് വിതരണം ചെയ്തിട്ടുണ്ട്. ചർക്കയുടെ സംഭരണത്തിനായി 2 കോടി രൂപ കയർഫെഡിനും 50 ലക്ഷം രൂപ ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിനും അനുവദിച്ചു നൽകുകയുണ്ടായി. സഹകരണ മേഖലയിൽ യന്ത്രവൽകൃത ചർക്കയുടെ മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക്, സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. സഹകരണ മേഖലയിലുള്ള യന്ത്രവൽകൃത ചർക്കയുടെ മില്ലുകളെ പ്രവർത്തനമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

കയർ പിരി അറിയുന്ന കയർ തൊഴിലാളികൾക്ക് മാർക്കറ്റിൽ ഡിമാന്റുള്ള മറ്റു മൂന്നു തരം കയർ കൂടി പിരിക്കാൻ സി.ഡോക്ടെ വഴി പരിശീലനം നൽകി വരുന്നു. കയർപിരി റാട്ടുകളുടെയും ഡീഫൈബറിംഗ് മെഷിനിന്റെയും കയർ മാറ്റിംഗ് ലൂമുകളുടെയും പോരായ്മകൾ നികത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നടത്താൻ സി.ഡോക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കയർ ഉൽപ്പാദക മേഖലയിൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1/4 എച്ച്. പി. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും മഹിളാ കയർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

യോജന പദ്ധതി പ്രകാരം റാട്ടുകളും വിതരണം ചെയ്തു വരികയും ചെയ്യുന്നു. സ്ത്രീ കയർ തൊഴിലാളികളും കൂടുതലുള്ള ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ സ്വയംസഹായ - സംഘങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

പീഡിതവും നിഷ്ക്രിയവുമായ സഹകരണ സംഘങ്ങളെ പുനഃരുദ്ധരിച്ച് അതുവഴി തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് ധനസഹായം നൽകി.

131 കയർ സഹകരണ സംഘങ്ങൾക്ക് 1.35 ലക്ഷം രൂപ വീതം 177 ലക്ഷം രൂപയുടെ ഗ്രാൻറ് വിതരണം ചെയ്തു.

കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന്, കയർ കോർപ്പറേഷൻ, കയർ ഫെഡ് എന്നിവ വഴി ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കി വരുന്നു.

ആലപ്പുഴ കയർ വ്യവസായത്തിന്റെ പശ്ചാത്തല വികസനത്തിനായി സംസ്ഥാന സർക്കാരും കയർ ബോർഡും ചേർന്നു നൽകിയ പദ്ധതിയായ ആലപ്പി കയർ ക്ലസ്റ്റർ പദ്ധതി നടപ്പിലാക്കാൻ 58.6 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 23000 പേർക്ക് പ്രത്യക്ഷമായും 23000 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാനുതകും.

ടൂർ ഫെഡ് രൂപീകരണം

*21 [309] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, സാജു പോൾ:
,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ടൂർ ഫെഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ടൂർ ഫെഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും ഘടനയും വെളിപ്പെടുത്തുമോ;

(ബി) ടൂർ ഫെഡിന്റെ ഭരണ നിയന്ത്രണം ടൂറിസം വകുപ്പിനാണോ;

(സി) ഏതു നിയമം അനുസരിച്ചാണ് ടൂർ ഫെഡിന് രൂപം നൽകിയിട്ടുള്ളതെന്നും രജിസ്ട്രേഷൻ നടത്തിയിട്ടുള്ളത് എവിടെയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ടൂർ ഫെഡിന്റെ പ്രവർത്തന പരിധിയിൽ മറ്റ് ടൂറിസം സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കുമോ;

(ഇ) ടൂറിസം മേഖലയിലെ പ്രാഥമിക സംഘങ്ങളുടെ അപ്പക്സ് ബോഡിയായിട്ടാണോ ടൂർ ഫെഡ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ):

LIBRARY ARCHIVES Kerala Legislative Assembly